**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2018** **05-02-2026 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് ലഭിച്ച പ്രധാന പുരസ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന് ലഭിച്ച പ്രധാന പുരസ്കാരങ്ങൾ ഏതെല്ലാമാണെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ? | (എ) | 1. 2021 പബ്ലിക് അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ വലിയ സംസ്ഥാനങ്ങളിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമായി കേരളം<br>2. 2021 ലെ ദേശീയ ഇ-ഗവേണൻസ് അവാർഡ് കേരളാ പോലീസിന് ലഭിച്ചു.<br>3. ആരോഗ്യ രംഗത്തെ മികച്ച പ്രകടനം കാഴ്ചവെച്ച സംസ്ഥാനത്തിനുള്ള ഇന്ത്യാ ടുഡേ 2022 അവാർഡ് കേരളത്തിന്.<br>4. ലോകത്തിലെ ഏറ്റവും വലിയ ട്രാവൽ ഷോയായ വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ജലസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള 2022 ലെ അന്താരാഷ്ട്ര പുരസ്കാരം ഉത്തരവാദിത്ത ടൂറിസം മിഷന്റെ വാട്ടർ സ്ട്രീറ്റ് പദ്ധതിക്ക്.<br>5. 2023 ലെ മാനേജ്മെന്റ് ഇഫക്ടീവ്നെസ് ഇവാലുവേഷൻ ഓഫ് ടൈഗർ റിസർവ് ഇൻ ഇന്ത്യ, റിപ്പോർട്ട് പ്രകാരം 94.36 സ്കോർ നേടി പെരിയാർ ടൈഗർ റിസർവ് 1-ാം സ്ഥാനത്തെത്തി.<br>6. ദീൻ ദയാൽ അന്ത്യോദയ യോജന ദേശീയ നഗര ഉപജീവന ദൗത്യം (എൻ.യു.എൽ.എം) മികച്ച രീതിയിൽ നടപ്പാക്കുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ഏർപ്പെടുത്തിയ 2021-22- ലെ സ്പാർക്ക് റാങ്കിംഗിൽ കേരളം രണ്ടാം സ്ഥാനം.<br>7. 2023 ലെ ദേശീയ പഞ്ചായത്ത്രാജ് അവാർഡുകളിൽ കേരളത്തിന് 5 അവാർഡുകൾ. ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന് രാജ്യത്തെ ഏറ്റവും മികച്ച ശിശുസൗഹൃദ ഗ്രാമപഞ്ചായത്തിനുള്ള ഒന്നാം റാങ്കും, |

വീയപുരം ഗ്രാമപഞ്ചായത്തിന് അടിസ്ഥാന സൗകര്യങ്ങളിൽ സ്വയംപര്യാപ്തതയുള്ള രാജ്യത്തെ ഒന്നാം റാങ്കും ലഭിച്ചു. മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ ഗ്രാമപഞ്ചായത്തിന് ജലലഭ്യതയിൽ സ്വയംപര്യാപ്തതയുള്ള രാജ്യത്തെ രണ്ടാം റാങ്കും, തൃശ്ശൂർ ജില്ലയിലെ അളഗപ്പനഗർ ഗ്രാമപഞ്ചായത്തിന് സദ്ഭരണത്തിനുള്ള മൂന്നാം റാങ്കും ലഭിച്ചു.

8. 2020-21 സാമ്പത്തിക വർഷത്തെ സ്പാർക്ക് റാങ്കിങ്ങിൽ ദേശീയ തലത്തിൽ കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചു. പദ്ധതി നിർവ്വഹണത്തിന്റെ മികവ് പരിഗണിച്ച് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ആണ് സംസ്ഥാനങ്ങൾക്ക് സ്പാർക്ക് റാങ്കിംഗ് അവാർഡുകൾ നൽകിവരുന്നത്.
9. ഹോമിയോപ്പതി വകുപ്പിലെ 64 സ്ഥാപനങ്ങൾക്ക് 2023-24 വർഷത്തിൽ NABH അംഗീകാരവും ലഭിച്ചിട്ടുണ്ട്.
10. 2023-24 കാലയളവിൽ 150 ആയുഷ് ഹെൽത്ത് ആൻഡ് വെൽനെസ് സെന്ററുകൾക്ക് NABH എൻട്രി ലെവൽ സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്.
11. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ കേരളം തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം.
12. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം.
13. അഴിമതി വിമുക്ത പോലീസ് സേവനത്തിൽ കേരളം ഒന്നാമതെന്ന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ.
14. ആരോഗ്യ മേഖലയ്ക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ.ക്യൂ.എ.എസ്) അംഗീകാരം
15. കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ഥൻ 3.0ൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാരം കേരളത്തിന്.
16. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രിക്കുള്ള അവാർഡ് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിന്.
17. രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് കേരളത്തിൽ: ഇന്ത്യ ടുഡേയുടെ ഹെൽത്ത് ഗിരി അവാർഡ്
18. കേരള ടൂറിസത്തിന് അന്താരാഷ്ട്ര പുരസ്കാരം: അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം

ഗ്രാമം പദ്ധതിക്ക് വേൾഡ് ട്രാവൽ മാർക്കറ്റ് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം വൺ ട്ടു വാച്ച് അന്താരാഷ്ട്ര പുരസ്കാരം.

19. മത്സ്യബന്ധന മേഖലയിലെ ഏറ്റവും മികച്ച അർദ്ധസർക്കാർ സ്ഥാപനമായി മത്സ്യഫെഡിനെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് തെരഞ്ഞെടുത്തു
20. വയോജനപരിപാലനത്തിന് കേന്ദ്ര സർക്കാരിന്റെ വയോ ശ്രേഷ്ഠ പുരസ്കാരം.
21. കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിന്റെ സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം അവാർഡ്.
22. പ്രമുഖ റേറ്റിംഗ് കമ്പനിയായ ക്രിസിലിന്റെ പട്ടികയിൽ തിരുവനന്തപുരം ടെക്നോപാർക്കിന് എ-പ്ലസ് സ്റ്റേബിൾ എന്ന ഉയർന്ന സ്ഥാനം.
23. പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷന് നാറ്റ് വെസ്റ്റ് ഗ്രൂപ്പ് ഇന്ത്യ (മുൻ ആർ.ബി.എസ് ഇന്ത്യ) 11-ാമതു നാറ്റ് വെസ്റ്റ് എർത്ത് ഗാർഡിയൻ അവാർഡ്.
24. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ സൂചികയിൽ രണ്ടാം സ്ഥാനം.
25. നീതി ആയോഗ് ആദ്യമായി തയ്യാറാക്കിയ നഗര സുസ്ഥിര വികസന ലക്ഷ്യ സൂചികയിൽ തിരുവനന്തപുരവും കൊച്ചിയും മികച്ച നഗരങ്ങളുടെ പട്ടികയിൽ.
26. ഇന്ത്യ ടുഡേ ന്യൂസ് മാഗസീനിന്റെ സ്റ്റേറ്റ്സ് സർവ്വേ 2021-ൽ കേരളം ഭാരതത്തിലെ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് ആയി പ്രാഖ്യാപിച്ചു.
27. പുരപ്പുറ സോളാർ പദ്ധതിയ്ക്ക് EQ International Magazine പുരസ്കാരം.
28. ദേശീയ ഊർജ്ജ കാര്യക്ഷമതാ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം
29. ഇ-സഞ്ജീവനി, കാരുണ്യ ബെനവലന്റ് ഫണ്ട് സംരംഭങ്ങൾക്ക് ഗവേർണൻസ് നൗവിന്റെ നാലാമത് ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ പുരസ്കാരം.
30. ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങളിൽ സിൽവർ കാറ്റഗറിയിൽ പുരസ്കാരം.
31. നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ (2023-24) ഒന്നാം സ്ഥാനം നിലനിർത്തി കേരളം. തുടർച്ചയായി നാലാം തവണയാണ് എസ്ഡിജി സൂചികയിൽ സംസ്ഥാനം ആദ്യസ്ഥാനം നേടുന്നത്.
32. വ്യവസായ സൗഹൃദാന്തരീക്ഷമുള്ള സംസ്ഥാനങ്ങളുടെ ദേശീയ റാങ്കിങ്ങിൽ

ഒന്നാമത്.

33. 2024-ലെ നാഷണൽ എനർജി കൺസർവേഷൻ അവാർഡിലെ (NECA) സംസ്ഥാന ഊർജ കാര്യക്ഷമതയിൽ കേരളത്തിന് രണ്ടാം സ്ഥാനം ലഭിച്ചു
34. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യസുരക്ഷാ സൂചിക-2024ൽ തുടർച്ചയായി രണ്ടാം വർഷവും ഒന്നാം സ്ഥാനം.
35. കേന്ദ്ര തീരദേശ ജല ഗുണനിലവാര സൂചികയിൽ കേരളം ഒന്നാം സ്ഥാനത്ത്. മൂന്ന് വ്യത്യസ്ത തീരപ്രദേശങ്ങളിൽ നിന്നെടുത്ത ജലസാംപിളുകൾ ശേഖരിച്ച് നടത്തിയ പഠനത്തിലാണ് ശുചിത്വത്തിൽ കേരളം ഒന്നാമതെത്തിയത്. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം പുറത്തിറക്കിയ എൻവിസ്റ്റാറ്റ്സ് 2024 റിപ്പോർട്ടിലാണ് അംഗീകാരം.
36. ഡേറ്റ സെക്യൂരിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ മത്സരത്തിൽ തിരുവനന്തപുരത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിക്ക് പുരസ്കാരം.
37. ആരോഗ്യമേഖലയിൽ അതിനൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഡിജിറ്റൽ ഹെൽത്ത് സംവിധാനം നടപ്പാക്കി കേരളം. സംസ്ഥാനത്തെ 653 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് സംവിധാനം പ്രവർത്തനസജ്ജമായി.
38. മാതൃമരണം കുറയ്ക്കുന്നതിൽ ബെസ്റ്റ് പെർഫോമിങ്ങ് സ്റ്റേറ്റ് ദേശീയ പുരസ്കാരം കേരളത്തിന്
39. ഭിന്നശേഷി ആരോഗ്യമേഖലയിലെ രാജ്യാന്തരസ്ഥാപനമായി വികസിച്ച തൃശ്ശൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ (നിപ്മർ) യു.എൻ കർമ്മസേന പുരസ്കാരം.
40. മികച്ച ശിശു സൗഹൃദ സേവനങ്ങൾക്ക് നൽകുന്ന ദേശീയ ഗുണനിലവാര അംഗീകാരമായ മുസ്കാൻ സർട്ടിഫിക്കേഷൻ സ്വന്തമാക്കി വയനാട് മെഡിക്കൽ കോളേജ്.
41. പതിനൊന്നാമത് ഗ്ലോബൽ സമ്മിറ്റ് ഓൺ സ്കിൽ ഡെവലപ്മെന്റ് 2024-ന്റെ ഭാഗമായി പ്രസിദ്ധീകരിച്ച ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2025 പ്രകാരം 22-നും 25-നും ഇടയിൽ പ്രായമുള്ള യുവാക്കൾക്കിടയിലെ

തൊഴിൽക്ഷമതയിൽ കേരളം രണ്ടാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്.

42. രാജ്യത്തെ ഏറ്റവും മികച്ച അഞ്ചാമത്തെ പോലീസ് സ്റ്റേഷനായി പാലക്കാട് ജില്ലയിലെ ആലത്തൂർ പോലീസ് സ്റ്റേഷനെ തെരഞ്ഞെടുത്ത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.
43. വിനോദസഞ്ചാരികൾ സന്ദർശിക്കാൻ ആഗ്രഹിക്കുന്ന ട്രെൻഡിങ്ങ് ഡെസ്റ്റിനേഷൻ കേന്ദ്രങ്ങളുടെ പട്ടികയിൽ ഇടം നേടി തിരുവനന്തപുരം. പ്രമുഖ ട്രാവൽ വെബ്സൈറ്റ് സ്കൈ സ്കാനറിന്റെ 2025-ലെ പട്ടികയിൽ പത്താം സ്ഥാനത്താണ് തിരുവനന്തപുരം.
44. ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് ഐഎസിആർടി (ഇന്റർനാഷണൽ സെന്റർ ഫോർ റെസ്പോൺസിബിൾ ടൂറിസം) ഇന്ത്യ ചാപ്റ്ററിന്റെ 2024ലെ സുവർണ പുരസ്കാരം
45. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് (എഫ്ഐസിസിഐ) അഖിലേന്ത്യാതലത്തിൽ ഏർപ്പെടുത്തിയ സ്വച്ച് ഇൻഡസ്ട്രി പാർക്ക് പുരസ്കാരങ്ങളിൽ രണ്ടെണ്ണം കിൻഫ്ര പാർക്കുകൾ സ്വന്തമാക്കി. എൻവയൺമെന്റ് സസ്റ്റൈയ്നബിലിറ്റി ചാമ്പ്യൻസ് വിഭാഗത്തിൽ പാലക്കാട് ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻഡ് ടെക്സ്റ്റൈൽ പാർക്കും ഇൻഫ്രാസ്ട്രക്ചർ ചാമ്പ്യൻസ് വിഭാഗത്തിൽ കളമശ്ശേരി ഹൈടെക് പാർക്കുമാണ് പുരസ്കാരങ്ങൾ നേടിയത്.
46. ഇന്ത്യയിലെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനത്തിനുള്ള കേന്ദ്ര ഫിഷറീസ് മന്ത്രാലയ പുരസ്കാര നേട്ടവുമായി കേരളം. രാജ്യത്തെ ഏറ്റവും മികച്ച മറൈൻ ജില്ലയായി കൊല്ലത്തെ തെരഞ്ഞെടുത്തു.
47. നഗര ഭരണ-ശുചിത്വ പ്രവർത്തനങ്ങളിലും നഗരസഭ നൽകിയ സമഗ്ര സംഭാവനകൾക്ക് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിനു കീഴിലെ ഹൗസിങ്ങ് ആൻഡ് അർബൻ ഡെവലപ്മെന്റ് കോർപറേഷന്റെ അർബൻ ഗവേണൻസ്, സാനിറ്റേഷൻ എന്നീ ദേശീയ പുരസ്കാരങ്ങൾ തിരുവനന്തപുരം നഗരസഭയ്ക്ക്. നൂതന മാലിന്യസംസ്കരണ രീതികൾ സ്വീകരിക്കുക, സുസ്ഥിര ശുചിത്വ പദ്ധതികൾ നടപ്പാക്കുക, നഗര

ശുചിത്വസംരംഭങ്ങളിൽ സമൂഹത്തിന്റെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക എന്നിവ ഉൾപ്പെടുന്ന നഗരഭരണത്തിൽ നടപ്പിലാക്കിയ നൂതന പ്രവർത്തനങ്ങൾ പരിഗണിച്ചാണ് അവാർഡ്.

48. രാജ്യത്തെ ഏറ്റവും മികച്ച ടൂറിസം വില്ലേജുകളുടെ കേന്ദ്ര സർക്കാർ പട്ടികയിൽ കടലുണ്ടിയും കുമരകവും തെരഞ്ഞെടുക്കപ്പെട്ടു.
49. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ഓൺലൈൻ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കേരള പോലീസിന് കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ പുരസ്കാരം.
50. സുസ്ഥിര വികസനത്തിനായുള്ള ഷാങ്ഹായ് ഗ്ലോബൽ അവാർഡിന് തിരുവനന്തപുരം കോർപറേഷൻ തെരഞ്ഞെടുക്കപ്പെട്ടു. യുഎൻ ഹാബിറ്റാറ്റിന്റെയും ഷാങ്ഹായ് മുനിസിപ്പാലിറ്റിയുടെയും നേതൃത്വത്തിലുള്ള ആഗോള സംരംഭമാണ് നഗരങ്ങളിലെ സുസ്ഥിര വികസനത്തിനുള്ള ആഗോള അവാർഡിന് തിരുവനന്തപുരം കോർപ്പറേഷനെ തെരഞ്ഞെടുത്തത്.
51. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തെ രാജ്യത്തെ സെന്റർ ഓഫ് എക്സലൻസ് ആയി തെരഞ്ഞെടുത്തു. അത്യാഹിത വിഭാഗ ചികിത്സയുടെ പഠനത്തിനായി നീതി ആയോഗ് - ഐ.സി.എം.ആർ തിരഞ്ഞടുക്കുന്ന രാജ്യത്തെ 5 മെഡിക്കൽ കോളേജുകളുടെ പട്ടികയിലാണ് മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ വിഭാഗം ഇടം നേടിയത്.
52. ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ചാനലൈസിങ്ങ് ഏജൻസിക്കുള്ള ദേശീയ അംഗീകാരവുമായി തുടർച്ചയായി രണ്ടാം തവണയും സംസ്ഥാന വനിതാവികസന കോർപ്പറേഷൻ. സംസ്ഥാനത്ത് വനിതകളുടെ ഉന്നമനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഒന്നാംസ്ഥാനത്തേക്ക് തെരഞ്ഞെടുത്തത്.
53. പബ്ളിക് അഡ്മിനിസ്ട്രേഷൻ മേഖലയിൽ ലോകത്തെ ഏറ്റവും വലിയ വേദിയായ 'അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ" നൽകുന്ന "ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ'" അംഗീകാരം സംരംഭക വർഷം പദ്ധതിക്ക്.

54. സ്കോച്ച് ഗ്രൂപ്പ് എന്ന പ്രൈവറ്റ് സ്ഥാപനം നൽകിവരുന്ന സ്കോച്ച് ഗവേണൻസ് അവാർഡ് സഹകരണ വകുപ്പ് നടപ്പിലാക്കിയ കെയർ ഹോം പദ്ധതിയ്ക്ക് 2022 വർഷം ലഭിക്കുകയുണ്ടായി.
55. കേന്ദ്ര സർക്കാരിന്റെ 2022-ലെ ഡിജിറ്റൽ ഇന്ത്യാ അവാർഡിൽ Digital Initiatives at Grass root level വിഭാഗത്തിൽ സിൽവർ മെഡലും, 2022 വർഷത്തെ കേരള സംസ്ഥാന ഇ-ഗവേണൻസ് അവാർഡ്, ഇ-സിറ്റിസൺ സർവ്വീസ് ഡെലിവറി വിഭാഗത്തിൽ മൂന്നാം സ്ഥാനവും ക്ഷീരവികസന വകുപ്പിന്റെ ക്ഷീരശ്രീ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനത്തിന് ലഭിക്കുകയുണ്ടായി.
56. VACB മലപ്പുറം ഓഫീസിന് 30/12/2023 തീയതിയിൽ ജീവനക്കാരുടെ സൗകര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഓഫീസ് അന്തരിക്ഷം സജ്ജികരിച്ചതിനും, ആധുനിക സൗകര്യങ്ങളോട്ടു കൂടിയ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരമുള്ള ഓഫീസ് കെട്ടിടം സജ്ജീകരിച്ചതിനുമായി ISO അംഗീകാരപത്രം ലഭിച്ചിട്ടുണ്ട്
57. പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷൻ (PATA) നൽകുന്ന അന്താരാഷ്ട്ര പുരസ്കാരമായ ഗോൾഡ് അവാർഡ് 2022, 2023, 2024 വർഷങ്ങളിൽ കേരള ടൂറിസത്തിന് ലഭിച്ചു.
58. വേൾഡ് ട്രാവൽ മാർക്കറ്റ് (WTM), ലണ്ടന്റെ 2023-ലെ 'ബെസ്റ്റ് സ്റ്റാൻഡ് അവാർഡ്', Best Local Sourcing Craft & Food-ന് WTM ഗ്ലോബൽ അവാർഡ്, RT സ്ട്രീറ്റ് പ്രോജക്റ്റ് 2022-ന് ഉത്തരവാദിത്ത ടൂറിസം പുരസ്കാരം എന്നിവ ലഭിച്ചു.
59. Best Local Sourcing Craft & Food-നുള്ള 2023-ലെ ഇന്ത്യ ICRT ഗോൾഡ് അവാർഡ്, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, ജലസംരക്ഷണം (വാട്ടർ സ്ട്രീറ്റ് പ്രോജക്റ്റിന് കീഴിൽ), വിനോദസഞ്ചാര മേഖലയിലെ വൈവിധ്യവൽക്കരണം, കോവിഡിന് ശേഷമുള്ള വിനോദസഞ്ചാരത്തിന്റെ പുനരുജ്ജീവനം, Conserving Water and improving water security & supply for neighbours -നുള്ള ICRT അന്താരാഷ്ട്ര ഗോൾഡ് അവാർഡ് 2022 എന്നിവ ലഭിച്ചു.
60. മികച്ച വിവാഹ ഡെസ്റ്റിനേഷനുള്ള ഇന്ത്യ റീഡേഴ്സ് ചോയ്സ് അവാർഡ് 2022, Most

| | | | |
|---|---|---|---|
| | | | Welcoming Region in Indiaഎന്ന പട്ടികയിൽ കേരളത്തിന് ഒന്നാം സ്ഥാനം- ബെസ്റ്റ് ട്രാവലർ റിവ്യൂ അവാർഡ് 2022, കേരള റെസ്പോൺസിബിൾ ടൂറിസം മിഷന് ട്രാവൽ + ലെഷർ ഗ്ലോബൽ വിഷൻ അവാർഡ് (2022) എന്നിവ ലഭിച്ചു.<br>61. Best future forward state-നുള്ള ദേശീയ പുരസ്കാരമായ ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡ് (2021), കാന്തല്ലൂർ 'സ്ട്രീറ്റ്' പ്രോജക്റ്റിന് മികച്ച ടൂറിസം ഗ്രാമത്തിനുള്ള ഗോൾഡ് അവാർഡ് (2023) എന്നിവ ലഭിച്ചു. |

സെക്ഷൻ ഓഫീസർ